3. സബ്സിഡി നിരക്കിലുള്ള വൈദ്യുതി ദ്വൈമാസ മീറ്റർ റീഡിംഗിന്റെ അടിസ്ഥാനത്തിൽ നിഷ്കർഷിച്ചിട്ടുള്ള ഉപഭോഗ പരിധിക്കകത്തുള്ള ഉപഭോക്താക്കൾക്ക്

(സി) സൗജന്യ വൈദ്യുതിയും സൗജന്യ നിരക്കിലുള്ള വൈദ്യുതിയും അനർഹമായി ഉപയോഗിച്ചുവരുന്ന ഉപഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള കർശന നിർദ്ദേശങ്ങൾ വൈദ്യുതി ബോർഡ് ഫീൽഡ് ഓഫീസുകൾക്കും വിജിലൻസ് വിഭാഗത്തിനും നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം സെക്ഷൻ/ ഡിവിഷൻ/സർക്കിൾതല സ്ക്വാഡുകൾ രൂപീകരിച്ച് വിവിധ സെക്ഷനുകളിൽ പരിശോധന നടത്തുന്നുണ്ട്. കൂടാതെ, വിജിലൻസ് വിഭാഗത്തിനുകീഴിലുള്ള ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തി അനർഹരെ കണ്ടെത്തുന്നുണ്ട്. ഇപ്രകാരം കണ്ടെത്തുന്ന അനർഹരായിട്ടുള്ള ഉപഭോക്താക്കളെ ഗൃണഭോക്തൃ ലിസ്റ്റിൽനിന്ന് ഒഴിവാക്കുകയും നിയമാനുസൃതമായ പിഴ ചുമത്തുകയും ചെയ്യുന്നുണ്ട്.

സോളാർ കണക്ട് പദ്ധതി

20 (365) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ : വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി ചെലവുകുറഞ്ഞ വൈദ്യുതി ഉൽപ്പാദന മാർഗ്ഗങ്ങൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) വീടുകളിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) സോളാർ കണക്ട് എന്ന പദ്ധതിക്ക് മൊത്തം ചെലവെത്രയാണ് ; ഇതിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റ് സബ്സിഡി എത്രയാണ് ;

(ഡി) വീടുകളിൽ ഉൽപ്പാദിപ്പിച്ച് മിച്ചംവരുന്ന വൈദ്യുതി, വൈദ്യുതി ബോർഡ് വാങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പരിഗണനയിലാണ്.

(ബി) വീടുകളിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാനായി കേന്ദ്ര-സംസ്ഥാന സർക്കാർ ധനസഹായത്തോടെ പ്രധാനമായും രണ്ട് പദ്ധതികളാണ് അനെർട്ട് വഴി നടപ്പിലാക്കിവരുന്നത്. 10 മെഗാവാട്ട് ഓഫ്ഗ്രിഡ് സ്ഥാപിതശേഷി ലക്ഷ്യമിടുന്ന 10,000 സൗരഗൃഹ പദ്ധതിവഴി സംസ്ഥാനത്തുടനീളമുള്ള 10,000 വീടുകളിലായാണ് നടപ്പിലാക്കുന്നത്. 12 മെഗാവാട്ട് സ്ഥാപിതശേഷി ലക്ഷ്യമിടുന്ന സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതിയിൽ 2-50 കിലോവാട്ട് വരെയുള്ള പവർ പ്ലാന്റുകളാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) ഏകദേശം രൂപ 80,000 കിലോവാട്ടാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ഇതിൽ 30 ശതമാനം കേന്ദ്രധനസഹായമായും സംസ്ഥാന വിഹിതമായി 10,000 രൂപയും വിവക്ഷിക്കുന്നു.

(ഡി) തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. നടപടിക്രമങ്ങൾ നടന്നുവരുന്നു.

നെന്മാറ നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം

21 (366) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിലാണ് വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നതെന്ന് വിശദമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള സർവ്വെ നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(സി) വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ചെക്കോൽകളം, വടക്കോൽ, വടക്കേമുറി, വരണാട്ടുപാറം, അട്ടയാംപതി, പണ്ടാരക്കാട്, താമരമുകൾ, വട്ടേക്കാട്ടുമുമ്പ്, മണ്ഡപംകടം, പൊരിച്ചോളം, പേരാടുകാവ്, പുത്തൻകോട്ട, ഇലന്തൻ കളമ്പ്, നെന്മാറപാടം, വലതല എന്നീ പ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.